പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1642

04-12-2018-ൽ മറുപടിക്ക്

## പാറക്കൽ/മാടായിതോട് പാർശ്വഭിത്തി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മഞ്ചേരി നിയോജകമണ്ഡലത്തിലെ മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പാറക്കൽ/മാടായിതോട് പാർശ്വഭിത്തി സംരക്ഷണവുമായി ബന്ധപ്പെട്ട് നിലവിലുള്ള 2837010/MIN (Agri) 2018, കെ.എൽ.ഡി.സി-യുടെ 2398/2018 എന്നീ ഫയലുകളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ ; | (എ) യും (ബി) യും | പ്രസ്തുത പ്രൊപ്പോസൽ 15-09-2018 ന് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ ലഭ്യമായിട്ടുണ്ട്. പ്രൊപ്പോസൽ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി കോർപ്പറേഷന്റെ തൃശ്ശൂർ കൺസ്ട്രക്ഷൻ എഞ്ചിനീയർക്ക് 28-09-2018 ൽ നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കെ.എൽ.ഡി.സി-യുടെ തിരുവനന്തപുരം ഓഫീസിൽ പ്രസ്തുത അപേക്ഷ എന്നാണ് ലഭിച്ചത്; പ്രസ്തുത അപേക്ഷയിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് തൃശ്ശൂർ കെ.എൽ.ഡി.സി-യിലേക്ക് എന്നാണ് കത്ത് നൽകിയത്; പകർപ്പ് ലഭ്യമാക്കാമോ ; | | |
| (സി) | പ്രസ്തുത അപേക്ഷ കെ.എൽ.ഡി.സി -യുടെ തൃശ്ശൂർ ഓഫീസിൽ എന്നാണ് സ്വീകരിച്ചത് ; സ്വീകരിച്ച ഉദ്യോഗസ്ഥൻ ആരാണ് ; പ്രസ്തുത അപേക്ഷ തുടർനടപടികൾക്കായി സെക്ഷൻ ക്ലർക്ക് സ്വീകരിച്ച തീയതി എന്നിവ അറിയിക്കാമോ ; | (സി) | പ്രസ്തുത അപേക്ഷ കെ.എൽ.ഡി.സി തൃശ്ശൂർ ഓഫീസിൽ 06-10-2018 ന് കൺസ്ട്രക്ഷൻ എഞ്ചിനീയർ സ്വീകരിക്കുകയും ആയത് പ്രോജക്ട് എഞ്ചിനീയർ -II ന് കൈമാറുകയും ചെയ്തിരുന്നു. പ്രോജക്ട് എഞ്ചിനീയർ -II, ഡെപ്യൂട്ടി പ്രോജക്ട് എഞ്ചിനീയർ -III നും തുടർന്ന് അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ-IX നും സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് ചെയ്യുവാൻ ടി അപേക്ഷ കൈമാറിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത അപേക്ഷയിന്മേൽ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ഉത്തരവാദപ്പെട്ട ജീവനക്കാരൻ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ; | (ഡി) | ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചിട്ടില്ല. പ്രളയക്കെടുതി മൂലമുണ്ടായ അടിയന്തര വർക്കുകളുടെ തിരക്കുകൾ മൂലമാണ് സ്ഥലം സന്ദർശിക്കാതിരുന്നത്. ഉടനെ സ്ഥലം സന്ദർശിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ഇ) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കും എന്നറിയിക്കാമോ ? | (ഇ) | എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ വേണ്ടി ഉടൻതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് 2018 ഡിസംബർ മാസം തന്നെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

The Kerala Land Development Corporation Limited
(A Government Of Kerala Undertaking)

Registered Office:
Near Rama Nilayam
Chembukavu, Thrissur – 680 020
Ph: 0487 – 2331092
Fax: 0487 – 2331066

Administrative Office:
Museum Bains Compound, T.C. 11/570
Kowdiar P.O., Trivandrum – 695 003
Ph: 0471 – 2315001, Fax:0471 – 2319596
E-mail: kldctvm@gmail.com, Web: www.kldc.org

No. KLDC/AD/P&M/1697/TSR-Proposals 28/09/2018

കൺസ്ട്രക്ഷൻ എഞ്ചിനിയർ
കെ.എൽ.ഡി.സി ലിമിറ്റഡ്
തൃശ്ശൂർ

സർ,

വിഷയം : പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം - നിവേദനങ്ങൾ സംബന്ധിച്ചു

സൂചന 1) കത്ത് നമ്പർ 2837010/18/M(Agri), തിയതി 12/09/2018 (ബഹു മഞ്ചേരി എം.എൽ.എ) ബഹു. കൃഷി മന്ത്രിക്കു സമർപ്പിച്ച നിവേദനം)

2) കത്ത് നമ്പർ 2811387/18/Min(Agri) തിയതി 02/08/2018

3) കത്ത് നമ്പർ 2811058 /18 /Min(Agri) തിയതി 02/08/2018 (മാള ഗ്രാമ പഞ്ചായത്ത് മെമ്പർ ബഹു കൃഷി മന്ത്രിക്കു സമർപ്പിച്ച നിവേദനം.)

4) 31/07/2018 ൽ തെക്കേ കോഞ്ചിറ കോൾ പടവ് കമ്മിറ്റി ബഹു. കൃഷി മന്ത്രിക്കു സമർപ്പിച്ച നിവേദനം ( No. 2831769/18 M(Agri)

5) ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ 17/07/2018 ലെ കുറിപ്പ്

6) കത്ത് നമ്പർ 2694665/2018/Min(Agri) തിയതി 03/07/2018

7) 24 /05/2018 ൽ പോർക്കുളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ബഹു. ചെയർമാൻ, കെ.എൽ.ഡി. സി ക്കു സമർപ്പിച്ച നിവേദനം.

മേൽ സൂചന നിവേദനങ്ങളിന്മേൽ പ്രാദേശിക പരിശോധന നടത്തി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും തന്മൂലം കാർഷിക വികസനത്തിനും ഉതകുന്ന തരത്തിലുള്ള പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി RIDF/RKVY/PMKSY ൽ ഉൾപ്പെടുത്തി അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

സെക്രട്ടറി (I/c)
(മാനേജിങ് ഡയറക്ടർക്കു വേണ്ടി)

ഉള്ളടക്കം: സൂചനകൾ

DESPATCHED
DATE 04-10-18